# Malayala Manorama

## 14 August 2018

## Cheruthonni:  Heavy rain, Water level increase in idukki dam



# മഴ തകർക്കുന്നു; ഇടുക്കി ജലനിരപ്പ് അടിവച്ച് അടിവച്ച് ഉയരുന്നു

**തിങ്കളാഴ്ചത്തെ ആശ്വാസം ഇന്നലെ പേടിസ്വപ്നമായി**

ചെറുതോണി-കുമളി • തിങ്കളാഴ്ച ജലനിരപ്പ് 2397 അടിയിലെത്തിയപ്പോൾ താഴ്ത്തിയ ഷട്ടറുകൾ ചൊവ്വാഴ്ച വൈകിട്ട് വീണ്ടും ഉയർത്തി. ഇടുക്കി അണക്കെട്ടിലെ ഒന്നാമത്തെയും അഞ്ചാമത്തെയും ഷട്ടറുകൾ അടച്ചതോടെ പെരിയാർ തീരത്തെ ജനങ്ങൾ ആശ്വാസത്തിലായിരുന്നു. തിങ്കളാഴ്ച രണ്ടും മൂന്നും നാലും ഷട്ടറുകൾ 1.8 മീറ്ററിൽ നിന്നു 1.50 മീറ്ററായി താഴ്ത്തി ജലമൊഴുക്കു വീണ്ടും കുറയ്ക്കുകയും ചെയ്തിരുന്നു.

ജലനിരപ്പ്, ഇന്നലെ രാവിലെ 10ന് 2396.88 അടിയായി കുറഞ്ഞിരുന്നു. എന്നാൽ ഇന്നലെ പകൽ പെയ്ത കനത്ത മഴയിൽ അണക്കെട്ടിലേക്കുള്ള നീരൊഴുക്കു ശക്തമായി. ജലനിരപ്പ് ഉയരാൻ തുടങ്ങി. ഇന്നലെ ഉച്ചയ്ക്ക് 2397 അടി. വൈകിട്ട് നാലിന് 2397.10 അടി. സന്ധ്യയ്ക്ക് ആറിന് 2397.28 അടി. അതോടെ എല്ലാ ഷട്ടറുകളും തുറന്നു.

ചെറുതോണി അണക്കെട്ടിൽ നിന്നു സെക്കൻഡിൽ ആറു ലക്ഷം ലീറ്റർ വെള്ളം പുറത്തേക്കൊഴുകാൻ തുടങ്ങി. ഇതോടെ ചെറുതോണി പാലം കവിഞ്ഞ് വെള്ളമൊഴുകിത്തുടങ്ങി. ഇന്നലെ രാത്രി ഏഴിന് 2397.42 അടിയാണു ജലനിരപ്പ്. മുല്ലപ്പെരിയാർ അണക്കെട്ടിലും ജലനിരപ്പ് ഉയരുന്നത് ഇടുക്കിയിലെ ജനങ്ങൾ ആശങ്കയോടെയാണു കാണുന്നത്. മുല്ലപ്പെരിയാറിലെ വെള്ളം കൂടി ഇടുക്കിയിലെത്തിയാൽ കൂടുതൽ വെള്ളം തുറന്നുവിടും. ഇതുമൂലം പെരിയാർ തീരങ്ങളിൽ വീണ്ടും ജലനിരപ്പ് ഉയരുമെന്ന ആശങ്ക നിലനിൽക്കുകയാണ്.

## ജലനിരപ്പ് ഉയർന്നു; ഒന്നര മീറ്ററിലേറെ

ആലുവ • അണക്കെട്ടുകൾ തുറന്നതിനെത്തുടർന്നു പെരിയാറിൽ ജലനിരപ്പ് ഒന്നര മീറ്ററിലേറെ ഉയർന്നു. ഇനിയും കൂടിയാൽ അഞ്ചു വർഷം മുൻപത്തെ വെ

രികെയെത്താൻ നിർദേശിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ ഇടമലയാർ, ചെറുതോണി അണക്കെട്ടുകൾ തുറന്നപ്പോൾ പ്രതീക്ഷിച്ച അത്രയും ജലപ്രളയം ഉണ്ടായില്ല.

തണ്ണീർമുക്കം ബണ്ടിന്റെ വടക്കുഭാഗത്തെ ചിറ ഭാഗികമായി മുറിച്ച നിലയിൽ. മണൽച്ചിറകൾ നീക്കിയാൽ മാത്രമേ ബണ്ടിന്റെ മൂന്നാം റീച്ചിലേക്കു പ്രതീക്ഷിച്ച അളവിൽ വെള്ളമെത്തൂ.
ചിത്രം: മനോരമ